## ചുരുക്കത്തിൽ

### മുഖ്യമന്ത്രിയും മന്ത്രിമാരും ക്യൂബയും അമേരിക്കയും സന്ദർശിക്കും

**തിരുവനന്തപുരം**

ന്യൂയോർക്കിൽ നടക്കുന്ന ലോക കേരളസഭയുടെ റീജണൽ സമ്മേളനത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രിയും മന്ത്രിമാരും ജൂണിൽ അമേരിക്ക സന്ദർശിക്കും. സ്പീക്കറും ധനമന്ത്രിയുമുൾപ്പെടെ 11 അംഗസംഘം ജൂൺ എട്ടിന് യുഎസിലെത്തും. ലോകബാങ്കുമായുള്ള ചർച്ചയും അമേരിക്കയിൽ നടക്കും. അമേരിക്കൻ സന്ദർശനത്തെ തുടർന്ന് മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ക്യൂബയും സന്ദർശിക്കും. 18 വരെയാണ് സന്ദർശനം. ഇതിനായി വിദേശമന്ത്രാലയത്തിന്റെ അനുമതി തേടും.

### ചെന്നിത്തലയെ തള്ളി ഷാഫി

**പാലക്കാട്**

ഡിവൈഎഫ്ഐയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ച മുതിർന്ന നേതാവ് രമേശ് ചെന്നിത്തലയെ തള്ളി ഷാഫി പറമ്പിൽ എംഎൽഎ. ഡിവൈഎഫ്ഐയിൽനിന്ന് തങ്ങൾക്ക് പഠിക്കാൻ ഒന്നുമില്ലെന്നും യൂത്ത് കെയർ പ്രവർത്തനം അഭിമാനകരമാണെന്നും ഷാഫി പാലക്കാട്ട് മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ഞങ്ങൾ കൂടുതൽ പഠിക്കാനുണ്ടെന്ന് നേതാക്കൾ പറയുന്നതിൽ തെറ്റില്ല. കോവിഡ് കാലത്ത് ഉൾപ്പെടെ യൂത്ത് കോൺഗ്രസ് അഭിമാനകരമായ പ്രവർത്തനം നടത്തിയെന്നും ഷാഫി അവകാശപ്പെട്ടു. സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡിവൈഎഫ്ഐ നേതൃത്വത്തിൽ നടക്കുന്ന പൊതിച്ചോറ് വിതരണത്തെ കഴിഞ്ഞ ദിവസം കാസർകോട്ട് രമേശ് ചെന്നിത്തല പ്രശംസിച്ചിരുന്നു. വിദ്യാർഥി–യുവജന സംഘടനാ പ്രവർത്തനം എങ്ങനെയാകണമെന്ന് എസ്എഫ്ഐ, ഡിവൈഎഫ്ഐ പ്രവർത്തകരെ കണ്ടുപഠിക്കണമെന്നായിരുന്നു യൂത്ത് കോൺഗ്രസ് പരിപാടിയിൽ ചെന്നിത്തല പറഞ്ഞത്.

### ആരോപണം പദവി ലക്ഷ്യമിട്ടല്ലെന്ന് ചെന്നിത്തല

**തിരുവനന്തപുരം**

പദവികൾക്ക് വേണ്ടിയല്ല ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. എഐ കാമറയുമായി ബന്ധപ്പെട്ടല്ല വിജിലൻസ് അന്വേഷണം. വ്യവസായ സെക്രട്ടറി നടത്തുന്ന അന്വേഷണം ആർക്കുവേണം. മുഖ്യമന്ത്രിയുടെ ബന്ധുവിന്റെയാണ് പ്രസാഡിയോ. പത്തനംതിട്ട സ്വദേശി സുരേന്ദ്രകുമാർ എന്നയാൾക്കാണ് കമ്പനിയിൽ 99 ശതമാനം നിക്ഷേപം – ചെന്നിത്തല തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ മീറ്റ് ദ പ്രസ് പരിപാടിയിൽ പറഞ്ഞു.

### മഴ തുടരും

**തിരുവനന്തപുരം**

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. തിങ്കൾ വയനാടും ചൊവ്വ എറണാകുളം, ഇടുക്കി ജില്ലകളിലും മഞ്ഞ അലർട്ട് (ശക്തമായ മഴ) പ്രഖ്യാപിച്ചു. മീൻപിടിത്തത്തിനു തടസ്സമില്ല.

---

# മാതൃഭാഷാപഠനം ശക്തിപ്പെടുത്തണം

**സ്വന്തം ലേഖകൻ**

**കോഴിക്കോട്**

മാതൃഭാഷാപഠനവും മാതൃഭാഷയിലൂടെയുള്ള പഠനവും ശക്തിപ്പെടുത്തണമെന്ന് അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സെമിനാർ നിർദേശിച്ചതായി അക്കാദമിക് കമ്മിറ്റി ചെയർമാന്മാരായ പ്രൊഫ. സി രവീന്ദ്രനാഥ്, കൺവീനർ ഡോ.സി രാമകൃഷ്ണൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും നിലവാരം ഉയർത്തുന്നതിനും പുത്തൻ ദേശീയ വിദ്യാഭ്യാസ നയം വലിയ വെല്ലുവിളിയാണ്. അറിവിന്റെ കച്ചവടവൽക്കരണമെന്ന കാഴ്ചപ്പാടാണ് അത് മുമ്പോട്ടുവയ്ക്കുന്നത്. വൈവിധ്യങ്ങളെ അംഗീകരിക്കുന്നില്ല. അതിന് ബദൽ സൃഷ്ടിക്കാനുള്ള നിർദേശങ്ങൾക്ക് സെമിനാർ രൂപം നൽകി. അറിവിന്റെ ജനകീയവൽക്കരണവും ജനാധിപത്യവൽക്കരണവുമാണ് കേരളം ലക്ഷ്യമിടുന്നത്.

വിദ്യാർഥികൾക്കനുസരിച്ച് അധ്യാപകരും മാറണം. ബോധനരീതികളിലും അധ്യാപക പരിശീലനത്തിലും മാറ്റം വരണം. മാതൃഭാഷയിലൂടെയുള്ള പഠനം പ്രോത്സാഹിപ്പിക്കുമ്പോൾതന്നെ, ഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് പഠിപ്പിക്കണം. ഇതിലെ ന്യൂനത പരിഹരിക്കണം. ശാസ്ത്രം പഠിക്കുന്നവർക്ക് ശാസ്ത്രബോധം ഉണ്ടാകുന്നില്ല. ചരിത്രബോധം ആവശ്യമില്ലെന്ന നിലപാട് രൂപപ്പെടുന്നു. ഇത് തിരുത്തപ്പെടണം. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മുമ്പിലാണ്. സ്കൂൾ പ്രായത്തിലുള്ള മിക്കവാറും കുട്ടികൾ കേരളത്തിൽ സ്കൂളുകളിൽ എത്തുന്നുണ്ട്. എന്നാൽ ദേശീയതലത്തിൽ, എട്ടുകോടിയിലധികം കുട്ടികൾ എത്തുന്നില്ല.

സാങ്കേതികവിദ്യയുടെ സാധ്യത പഠനമേഖലയിൽ ഉപയോഗപ്പെടുത്തുമ്പോൾ കുട്ടികളുടെ സർഗാത്മകത തടയുന്ന രീതി ചെറുക്കണം. സാങ്കേതികവിദ്യയാണ് അന്തിമമെന്ന നിലപാട് ശരിയല്ല. സംഘാടക സമിതി ചെയർമാൻ എ പ്രദീപ് കുമാർ, ജനറൽ കൺവീനർ കെ ടി കുഞ്ഞിക്കണ്ണൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

INTERNATIONAL CONGRESS ON KERALA STUDIES

---

### രാജ്ഭവൻ മാർച്ച് 26ന്

# രാപകൽ സമരവുമായി റബർ കർഷകർ

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

കിലോയ്ക്ക് 300 രൂപ താങ്ങുവില പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ റബർ സംഭരിക്കുക, റബർ കാർഷിക വിളയല്ലെന്ന നിതി ആയോഗ് തീരുമാനം പുനഃപരിശോധിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള കർഷകസംഘം നേതൃത്വത്തിൽ രാജ്ഭവനുമുന്നിൽ 25ന് റബർ കർഷകർ രാപകൽ സമരം നടത്തും. 26ന് പതിനായിരക്കണക്കിന് കർഷകർ രാജ്ഭവനിലേക്ക് മാർച്ച് നടത്തുമെന്നും കർഷകസംഘം സംസ്ഥാന പ്രസിഡന്റ് എം വിജയകുമാറും സെക്രട്ടറി വത്സൻ പനോളിയും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

റബറധിഷ്ഠിത വ്യവസായ പദ്ധതികൾക്ക് കേന്ദ്രം ധനസഹായം നൽകുക, ദേശീയപാതകൾ റബറൈസ്ഡ് റോഡുകളാക്കുക, ഉൽപാദനത്തിൽ മുന്നിലുള്ള കേരളത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുക, റബർ ബോർഡ് ആസ്ഥാനവും അനുബന്ധ സ്ഥാപനങ്ങളും കേരളത്തിൽ നിലനിർത്തുക, ആവർത്തന കൃഷിക്ക് ലഭിച്ചിരുന്ന ധനസഹായം നിർത്തലാക്കിയത് പുനഃസ്ഥാപിക്കുക തുടങ്ങി ഫെബ്രുവരി 12ന് കോട്ടയത്ത് റബർ കർഷക കൺവൻഷൻ അംഗീകരിച്ച മുദ്രാവാക്യങ്ങൾ അംഗീകരിക്കണമെന്നാവശ്യപ്പെട്ടാണ് സമരം.

രാപകൽ സമരം 25ന് രാവിലെ 10ന് കിസാൻസഭ അഖിലേന്ത്യാ ജനറൽ സെക്രട്ടറി വിജൂ കൃഷ്ണനും രാജ്ഭവൻ മാർച്ച് 26ന് രാവിലെ 10ന് അഖിലേന്ത്യാ പ്രസിഡന്റ് അശോക് ധാവ്ളെയും ഉദ്ഘാടനം ചെയ്യും. രാജ്ഭവൻ മാർച്ച് ആശാൻ സ്ക്വയറിൽനിന്ന് ആരംഭിക്കും.

രാപകൽ സമരത്തിന്റേയും മാർച്ചിന്റേയും മുന്നോടിയായി ജില്ലകളിൽ റബർ കർഷക ലോങ്മാർച്ചും ഗൃഹസന്ദർശനവും നടത്തും. വാർത്താസമ്മേളനത്തിൽ അഖിലേന്ത്യ വൈസ് പ്രസിഡന്റ് എസ് കെ പ്രീജ, സംസ്ഥാന ജോയിന്റ് സെക്രട്ടറി വി എസ് പത്മകുമാർ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എം ടി ജോസഫ് എന്നിവരും പങ്കെടുത്തു.

---

### പ്ലസ് വൺ ക്ലാസുകൾ ജൂലൈ ഒന്നിന് തുടങ്ങും

# 220 അധ്യയനദിനം ഉറപ്പാക്കണം

**തിരുവനന്തപുരം**

പൊതുവിദ്യാലയങ്ങളിൽ 220 അധ്യയനദിനം ഉറപ്പാക്കാൻ എല്ലാവരുടെയും സഹായം ആവശ്യമാണെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഇതിനാണ് ഒന്നാം വർഷ ഹയർ സെക്കൻഡറി സേ, ഇംപ്രൂവ്മെന്റ് പ്രത്യേക പരീക്ഷ വാർഷിക പരീക്ഷയ്ക്ക് ഒപ്പമാക്കിയത്. സ്കൂൾ തുറപ്പിന് മുന്നോടിയായി നടത്തിയ വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അധ്യാപകർ ഇല്ലാത്ത അവസ്ഥ ഒരിടത്തും ഉണ്ടാകരുത്. സ്കൂൾ ഓഫീസ് വൈകിട്ട് അഞ്ച് വരെ പ്രവർത്തിക്കണം. ശനിയാഴ്ചയും പ്രിൻസിപ്പൽ അല്ലെങ്കിൽ ചുമതലയുള്ള അധ്യാപകൻ, ഓഫീസ് സ്റ്റാഫ്എന്നിവർ ഓഫീസിലുണ്ടാകണം.

പുതിയ അധ്യയന വർഷത്തെ സ്കൂൾതല വാർഷിക പ്ലാൻ ജൂൺ ആറിനകം തയ്യാറാക്കണം. കലാ–കായിക– ശാസ്ത്ര മേളകൾ ഇതിന്റെ ഭാഗമായി തീരുമാനിക്കും. ഒന്നാം ടേം ആസൂത്രണവും പൂർത്തിയാക്കും.

ആഴ്ചതോറും എസ്ആർജി യോഗം ചേർന്ന് പാഠ്യ– അനുബന്ധ പ്രവർത്തനം വിലയിരുത്തണം. സ്കൂളുകളിൽ പിടിഎ സഹായത്തോടെ ശുദ്ധജല ലഭ്യത ഉറപ്പാക്കണം. കിണറും ടാങ്കുകളും 30നകം ശുചീകരിക്കണം. ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് പദ്ധതി ആരംഭിക്കും. പരിസ്ഥിതി ദിനത്തിൽ ഇതിന് തുടക്കംകുറിക്കുമെന്നും മന്ത്രി പറഞ്ഞു.

### മൂല്യനിർണയം: എത്താത്ത 3708 അധ്യാപകർക്ക് നോട്ടീസ്

എസ്എസ്എൽസി, ഹയർസെക്കൻഡറി മൂല്യനിർണയത്തിന് ഹാജരാകാത്ത 3708 അധ്യാപകർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകും. എസ്എസ്എൽസി മൂല്യനിർണയ ക്യാമ്പിൽനിന്ന് 2700 പേരും ഹയർ സെക്കൻഡറിയിൽ 1008 പേരുമാണ് അവധിക്ക് അപേക്ഷിക്കാതെ വിട്ടുനിന്നത്.

എസ്എസ്എൽസി ഫലം 20നും പ്ലസ്ടു 25നും പ്രഖ്യാപിക്കും. പ്രവേശന നടപടി പൂർത്തിയാക്കി ജൂലൈ ഒന്നിനുതന്നെ പ്ലസ്വൺ ക്ലാസുകൾ തുടങ്ങും. ജൂൺ ഒന്നിന് തിരുവനന്തപുരത്ത് നടക്കുന്ന സ്കൂൾ പ്രവേശനോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

### ട്യൂഷൻ ക്ലാസ്:അധ്യാപകർ സത്യവാങ്മൂലം നൽകണം

പൊതുവിദ്യാലയങ്ങളിലെ അധ്യാപകർ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ട്യൂഷൻ എടുക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. നിയമവിരുദ്ധ പ്രവർത്തനം പൊതുവിദ്യാഭ്യാസ നിലവാരം തകരുന്നതിന് കാരണമാകുന്നുണ്ട്. ഇത്തരം ക്ലാസെടുക്കുന്നില്ലെന്ന് അധ്യാപകരിൽനിന്ന് സത്യവാങ്മൂലം വാങ്ങും. ഇതിനാവശ്യമായ നടപടിക്ക് ഡിജിഇയെ ചുമതലപ്പെടുത്തി.

---

# ഇൻവെസ്റ്റ്മെന്റ് മീറ്റ്

# കേന്ദ്രം തടയിട്ടത് നിക്ഷേപത്തിനും

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

അബുദാബി ഇൻവെസ്റ്റ്മീറ്റിൽ പങ്കെടുക്കാനുള്ള മുഖ്യമന്ത്രിയുടെ യുഎഇ യാത്രതടഞ്ഞ കേന്ദ്ര നടപടിയിലൂടെ കേരളത്തിന് നഷ്ടമായത് വൻ നിക്ഷേപ പദ്ധതികൾ. യുഎഇ വാണിജ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേരളത്തിലെത്തിയാണ് മുഖ്യമന്ത്രിയെയും മന്ത്രിമാരെയും ക്ഷണിച്ചത്. നിക്ഷേപ സംഗമത്തിൽ കേരളത്തിന്റെ പവലിയനുമുണ്ട്. വിവിധ സ്റ്റാർട്ടപ്പുകളും പങ്കെടുക്കുന്നു.

മുഖ്യമന്ത്രി നേരിട്ടെത്തി ചർച്ച നടത്തുന്നതിലൂടെ വ്യവസായികളെ വലിയ തോതിൽ കേരളത്തിലേക്ക് ആകർഷിക്കാൻ സാധിക്കുമായിരുന്നു. സർക്കാരിന്റെ നിക്ഷേപ സൗഹൃദ നിലപാടുകളെ സംരംഭകരും നിക്ഷേപകരും പ്രതീക്ഷയോടെയാണ് കാണുന്നത്. മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്ത് നിക്ഷേപങ്ങൾ കേരളത്തിലെത്തിക്കുന്നതിനെ കേന്ദ്രസർക്കാർ എതിർക്കുന്നതിന് പിന്നിൽ രാഷ്ട്രീയ താൽപ്പര്യമല്ലാതെ മറ്റൊന്നുമില്ല.

പ്രളയകാലത്തും യുഎഇ സർക്കാരിന്റെ സഹായം സ്വീകരിക്കുന്നത് തടയാൻ കേന്ദ്രം മുന്നിട്ടിറങ്ങിയിരുന്നു. കേരളത്തോടുള്ള പകവീട്ടലിന്റെ തുടർച്ചയായാണ് അനുമതി നിഷേധിച്ചത്.

- പ്രളയകാലത്തും യുഎഇ സർക്കാരിന്റെ സഹായം കേന്ദ്രം തടഞ്ഞിരുന്നു

---

### ഓഫീസിലും വീട്ടിലും ഉറപ്പാക്കണം

# ജീവനക്കാരിലൂടെ ‘വൃത്തിയുള്ള കേരളം’

**സ്വന്തം ലേഖകൻ**

**കൊല്ലം**

സർക്കാർ ജീവനക്കാർ വീടുകളിൽ മാലിന്യം തരംതിരിച്ച് അജൈവമായവ ഹരിതകർമസേനയ്ക്ക് നൽകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് ഉത്തരവ്. ‘വൃത്തിയുള്ള കേരളം, വലിച്ചെറിയൽ മുക്ത കേരളം’ ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ ഭരണ വകുപ്പിന്റേതാണ് ഉത്തരവ്. മാലിന്യസംസ്കരണം ഏതെങ്കിലും വകുപ്പിന്റെ മാത്രം ചുമതലയല്ലെന്നും എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും ശാസ്ത്രീയ മാലിന്യസംസ്കരണത്തിനും മാലിന്യത്തിന്റെ തോത് കുറച്ച് മാതൃകകൾ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്വമുണ്ടെന്നും ഉത്തരവിൽ പറയുന്നു.

- എല്ലാ സർക്കാർ ഓഫീസും 15നു മുമ്പ് വൃത്തിയാക്കണം

### മാർഗനിർദേശങ്ങൾ

ഓഫീസും പരിസരവും മാലിന്യമുക്തമാക്കണം. പൊതുശുചിത്വവും ശുചിമുറികളുടെ വൃത്തിയും ഉറപ്പാക്കണം. മാലിന്യ ശേഖരണത്തിന് ബിന്നുകൾ ഉണ്ടാകണം. മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കണം. ജൈവ, അജൈവമാലിന്യങ്ങൾ തരംതിരിച്ച് അജൈവമാലിന്യം ഹരിതകർമസേനയ്ക്ക് കൈമാറണം. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് ഉപകരണങ്ങൾ സജ്ജമാക്കണം. അവ പ്രവർത്തിപ്പിക്കാൻ ജീവനക്കാരെ പരിശീലിപ്പിക്കണം. എല്ലാ സർക്കാർ ഓഫീസുകളും 15ന് മുമ്പ് പൂർണമായും വൃത്തിയാക്കണം. ഉപയോഗശൂന്യമായ ഫർണിച്ചർ, ഇ മാലിന്യം എന്നിവ നീക്കണം. ഡിസ്പോസബിൾ വസ്തുക്കൾക്കു പകരം കഴുകി ഉപയോഗിക്കാവുന്നവയിലേക്കു മാറണം.

ശുചിത്വ, മാലിന്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എല്ലാ ഓഫീസിലും മേധാവി അധ്യക്ഷനായി സമിതി രൂപീകരിക്കണം. ഓഫീസിൽ ഹരിത മാർഗരേഖ ഉറപ്പാക്കണം.

വീടുകളിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണം. അജൈവമാലിന്യം ഹരിത കർമസേനയ്ക്കോ തദ്ദേശസ്ഥാപനം ഏർപ്പാടാക്കിയ സേവനദാതാക്കൾക്കോ യൂസർ ഫീസ് നൽകി കൈമാറണം. മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ ഒഴുക്കി വിടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണമെന്നും ഉത്തരവിൽ പറയുന്നു.

---

### ദിനംപ്രതി മലക്കംമറിച്ചിൽ

# കടലാസ് കമ്പനികൾ ‘വൻകിട’ക്കാരായി

**ദിനേശ്‌വർമ**

**തിരുവനന്തപുരം**

സേഫ് കേരള പദ്ധതിയിലെ ആരോപണത്തിൽനിന്ന് മലക്കംമറിഞ്ഞ് പ്രതിപക്ഷവും മാധ്യമങ്ങളും. കടലാസ് കമ്പനിക്കാണ് കരാർ നൽകിയതെന്നാണ് ഇവർ ആദ്യം പറഞ്ഞത്. എന്നാലിപ്പോൾ ഈ കമ്പനി വൻകിട കമ്പനിയാണെന്നാണ് അവകാശപ്പെടുന്നത്. അതുകൊണ്ട് അവരുടെ ആസ്തി അന്വേഷിക്കണമെന്നും തട്ടിവിടുന്നുണ്ട്. കണ്ണൂരിലെ കമ്പനിയല്ല പ്രധാന ഉടമ പത്തനംതിട്ടക്കാരൻ ആണെന്നും തിരുത്തി. ഗൾഫിൽ അഞ്ഞൂറ് ഇരട്ടി വളർച്ചയാണ് ഈ കമ്പനി നേടുന്നതെന്നാണ് പ്രതിപക്ഷത്തിന്റെ പുതിയ കണ്ടെത്തൽ. എസ്ആർഐടിയെ വിട്ട് പ്രസാഡിയോ ആണ് ഇതിന്റെ പ്രധാന പങ്കപറ്റിയതെന്ന് വരെയായി കാര്യങ്ങൾ. ഇതോടെ എഐ കാമറ വിവാദത്തിലും പ്രതിപക്ഷത്തിന്റെ മുനയൊടിഞ്ഞെന്ന് ഉറപ്പായി.

പദ്ധതി നടത്തിപ്പിലോ ഉപകരണങ്ങളുടെ ഗുണനിലവാരത്തിലോ അവയുടെ പ്രവർത്തനത്തിലോ എന്തെങ്കിലും പരാതി ഉന്നയിക്കാൻ ഇവർക്കാർക്കും കഴിഞ്ഞില്ല. ഇനി ആരോപണങ്ങളിൽനിന്ന് പിന്നോട്ടു പോവുകയേ വഴിയുള്ളു.

---

# മുഖ്യമന്ത്രിയുടെ ബന്ധുവുമായി ബിസിനസ് ബന്ധമില്ല: പ്രസാഡിയോ

**തിരുവനന്തപുരം**

പ്രസാഡിയോ കമ്പനിക്കെതിരായി ഉയരുന്ന ആരോപണങ്ങൾ അടിസ്ഥാന രഹിതമെന്ന് ഡയറക്ടർ സുരേന്ദ്ര കുമാർ. മുഖ്യമന്ത്രിയുടെ ബന്ധുവായ പ്രകാശ് ബാബുവിന് ബിസിനസിൽ ബന്ധമില്ലെന്നും ഒരു ചാനലിനു നൽകിയ അഭിമുഖത്തിൽ സുരേന്ദ്ര കുമാർ പറഞ്ഞു. പ്രകാശ് ബാബുവുമായി അടുത്ത വ്യക്തിബന്ധമുണ്ട്. 2000 മുതൽ ഒമാനിൽ സുഹൃത്തും അയൽവാസിയുമാണ്. പ്രകാശ് ബാബുവിന് പണം നൽകിയത് വാടക ഇനത്തിലാണ്. അദ്ദേഹത്തിന്റെ കൊച്ചിയിലെ ഫ്ലാറ്റെടുത്തത് ജീവനക്കാരെ താമസിപ്പിക്കാനാണ്. പ്രസാഡിയോയുടെ കാര്യങ്ങൾ നോക്കിനടത്താൻ ഏൽപ്പിച്ചിരിക്കുന്നത് രാംജിത്തിനെയാണെന്നും സുരേന്ദ്രകുമാർ പറഞ്ഞു.

രാംജിത് മുഖ്യമന്ത്രിയുടെ ബന്ധുവിന്റെ ബിനാമിയാണെന്ന് ചില മാധ്യമങ്ങൾ വാർത്ത നൽകിയിരുന്നു. രാംജിത്താണ് പ്രസാഡിയോ കമ്പനിയുടെ ഉടമയെന്നും അദ്ദേഹം മുഖ്യമന്ത്രിയുടെ ബന്ധുവിന്റെ ബിനാമിയെന്നാണ് ആരോപണമെന്നും നേരത്തെ പറഞ്ഞ രമേശ് ചെന്നിത്തല വെള്ളിയാഴ്ച നിലപാട് മാറ്റി. കമ്പനിയുടെ പ്രധാന ഉടമ സുരേന്ദ്രകുമാറാണെന്നും അദ്ദേഹം സിപിഐ എം അനുഭാവിയാണെന്നുമായിരുന്നു പുതിയ ആരോപണം.

---

# പ്രതിപക്ഷ നേതാവും മുൻ നേതാവും തമ്മിലുള്ള മത്സരം

**തിരുവനന്തപുരം**

പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും തമ്മിലുള്ള മത്സരമാണ് ഇപ്പോൾ നടക്കുന്നതെന്ന് സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം എ കെ ബാലൻ പറഞ്ഞു. ഇരുവരും ആരോപണം ഉന്നയിക്കുന്നതിന്റെ കാരണം ഇതാണ്. രാവിലെ ഒരാൾ പറയുന്നു, വൈകിട്ട് മറ്റൊരാൾ പറയുന്നു. ഇതിൽ മുഖ്യമന്ത്രി എന്താ പ്രതികരിക്കാത്തത് എന്നാണ് ചോദ്യം. മുഖ്യമന്ത്രിക്കു കീഴിലുള്ള വിജിലൻസ് പരിശോധിക്കുന്ന വിഷയത്തിൽ മുഖ്യമന്ത്രി അഭിപ്രായം പറഞ്ഞാൽ എന്താകും സ്ഥിതി. അടുത്ത നിമിഷം, വിജിലൻസ് അന്വേഷണത്തിന് പ്രസക്തി നഷ്ടപ്പെട്ടു എന്നാകും പറച്ചിൽ. പ്രതികരിച്ചില്ലെങ്കിൽ ഒളിച്ചുകളി എന്നും.

മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കുമെതിരെ ഇതുവരെ എത്ര ആരോപണങ്ങൾ ഉന്നയിച്ചു. ഏതെങ്കിലും ഒന്ന് തെളിയിക്കാൻ ഏതെങ്കിലും സംവിധാനംകൊണ്ട് കഴിഞ്ഞോ. നിയമപരമായി മറുപടി പറയേണ്ട കാര്യങ്ങളുണ്ടെങ്കിൽ മുഖ്യമന്ത്രി പറയും. അല്ലാതെ എല്ലാത്തിനും മറുപടി പറയാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

---

# പ്രതിപക്ഷത്തിന്റേത് വസ്തുതാവിരുദ്ധ പ്രചാരണം

**തിരുവനന്തപുരം**

എഐ കാമറ പദ്ധതിയിൽ പ്രതിപക്ഷത്തിന്റേത് വസ്തുതാവിരുദ്ധ പ്രചാരണമാണെന്ന് മന്ത്രി പി രാജീവ്. ആരോപണങ്ങളിലൂടെ പുകമറ സൃഷ്ടിക്കുകയാണ്. ഏത് അന്വേഷണവും നേരിടാൻ സർക്കാർ തയ്യാറാണ്. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കൂടുതൽ വിശദീകരിക്കാം. പദ്ധതിയിൽ ഇതുവരെ സർക്കാർ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല.

പുറത്തുവിടാത്ത രേഖകൾ എന്ന നിലയിൽ മുൻ പ്രതിപക്ഷ നേതാവ് ഉയർത്തിക്കാട്ടിയത് നേരത്തേ കെൽട്രോൺ പ്രസിദ്ധപ്പെടുത്തിയതും എൻഐസി പോർട്ടലിൽ ഉള്ളതുമാണ്. പ്രവർത്തനച്ചെലവായ 66 കോടി രൂപയിൽ ശമ്പളംമാത്രം 25 കോടിയിലധികം വരും. 10 കോടി നികുതിയാണ്. ബാക്കിയാണ് അഞ്ചുവർഷത്തെ ഇന്റർനെറ്റ്, വൈദ്യുതി, രസീത് അയക്കൽ അടക്കമുള്ളവയ്ക്ക്. കാമറ വിലകുറച്ചുകിട്ടുമെന്നാണ് ഒരു പത്രം പറഞ്ഞത്. ഇനി വാങ്ങാനുള്ളവർ ആ പത്രംവഴി വാങ്ങുന്നതാകും നല്ലത്. ലഖ്നൗ നഗരത്തിൽ 86 ഇടങ്ങളിൽ എഐ കാമറ സ്ഥാപിച്ചത് 110 കോടിയ്ക്കാണ്.

മുഖ്യമന്ത്രിയുടെ ബന്ധുവും പ്രസാഡിയോയും തമ്മിൽ ബന്ധമുണ്ടെങ്കിൽ തെളിവുകൊണ്ടുവരട്ടെ. ഉപകരാർ എടുത്ത കമ്പനിയുടെ ആരോഗ്യസ്റ്റ് ഹൗസ് ഉപയോഗിച്ചതിന്റെ പണം നൽകാനുള്ള രേഖ കാണിച്ചിട്ട് മുഖ്യമന്ത്രിയും സർക്കാരും മറുപടി പറയണമെന്ന് പറയുന്നതിന്റെ ഔചിത്യമെന്താണെന്നും രാജീവ് ചോദിച്ചു.

രമേശ് ചെന്നിത്തല നൽകിയ ഹർജികൾ പൂട്ടി താക്കോലിട്ട് ചീഫ് ജസ്റ്റിസ് നടക്കുകയായിരുന്നെന്ന് പറഞ്ഞത് നീതിന്യായ വ്യവസ്ഥയ്ക്കെതിരായ അതിഗുരുതരമായ ആക്ഷേപമാണെന്നും രാജീവ് മാധ്യമങ്ങളോട് പറഞ്ഞു.

---

### ‘ദ കേരള സ്റ്റോറി’

# ടീസർ ഒഴിവാക്കാമെന്ന് നിർമാതാക്കൾ ഹൈക്കോടതിയിൽ

**കൊച്ചി**

വിവാദ സിനിമയായ ‘ദ കേരള സ്റ്റോറി’യുടെ ടീസർ സമൂഹമാധ്യമങ്ങളിൽ നിന്ന് നീക്കാമെന്ന് നിർമാതാക്കൾ ഹൈക്കോടതിയിൽ. ഇസ്ലാം മതവിശ്വാസികളുടെ വികാരം വ്രണപ്പെടുത്തുന്ന സിനിമയുടെ റിലീസും പ്രദർശനവും തടയണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിലാണ് തീരുമാനം. ചില സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കൽപ്പിക കഥയാണിതെന്ന് തുടക്കത്തിൽ എഴുതിക്കാണിക്കുമെന്നും വിശദീകരണം നൽകി. ഈ പശ്ചാത്തലത്തിൽ സിനിമയുടെ റിലീസ് തടയാനാകില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അഭിഭാഷകൻ വി ആർ അനൂപ്, ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ നേതാവ് തമന്ന, മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടറിയറ്റ് അംഗം സി ശ്യാംസുന്ദർ, വെൽഫെയർ പാർടി എന്നിവരാണ് ഹർജിക്കാർ. ജസ്റ്റിസ് എൻ നഗരേഷ്, ജസ്റ്റിസ് സോഫി തോമസ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ് പരിഗണിച്ചത്.

എതിർകക്ഷികളുടെ വിശദീകരണം തേടിയ കോടതി ഹർജി പിന്നീട് പരിഗണിക്കാൻ മാറ്റി. സിനിമയുടെ ടീസർ കോടതിമുറിയിൽ കണ്ട ഡിവിഷൻ ബെഞ്ച് ഇതൊരു ചരിത്രസിനിമയല്ലെന്നും സാങ്കൽപ്പിക കഥയുടെ അടിസ്ഥാനത്തിലുള്ളതാണെന്നും നിരീക്ഷിച്ചു. വിഗ്രഹത്തിൽ വെളിച്ചപ്പാട് തുപ്പുന്നതുൾപ്പെടെ ചിത്രീകരിച്ച സിനിമ മലയാളത്തിലുണ്ടായിട്ടുണ്ടെന്ന് ‘നിർമാല്യ’ത്തെ പരാമർശിച്ച് കോടതി പറഞ്ഞു. അതിനാൽ മതനിരപേക്ഷസ്വഭാവമുള്ള കേരളസമൂഹം സിനിമ കണ്ടശേഷം വിലയിരുത്തട്ടെയെന്നും കോടതി വാക്കാൽ പരാമർശിച്ചു. അതേസമയം, നിർമാല്യം സിനിമയിൽ ഏതെങ്കിലും സമുദായത്തിനെതിരായ വ്യാജപ്രചാരണം ഉണ്ടായിരുന്നില്ലെന്ന് ഹർജിക്കാരും വ്യക്തമാക്കി. ഒട്ടേറെ മാറ്റങ്ങളോടെയാണ് സിനിമയ്ക്ക് പ്രദർശനാനുമതി നൽകിയതെന്നും ഇതിൽ വീഴ്ചയുണ്ടായിട്ടില്ലെന്നും ഡെപ്യൂട്ടി സോളിസിറ്റർ ജനറൽ വ്യക്തമാക്കി.

UNCOVERING THE TRUTH THAT WAS KEPT HIDDEN
KERALA STORY
OFFICIAL TRAILER

---

# നിർമാണ പെർമിറ്റ് ഫീസ് ഏറ്റവും കുറവ് കേരളത്തിൽ

**തിരുവനന്തപുരം**

രാജ്യത്ത് ഏറ്റവും കുറവ് കെട്ടിടനിർമാണ പെർമിറ്റ് ഫീസ് ഈടാക്കുന്ന കേരളത്തിൽ ആ സ്ഥാനം നിലനിർത്തിക്കൊണ്ട് ഫീസ് പരിഷ്കരിച്ചപ്പോൾ അത് രാജ്യത്തുതന്നെ കൂടുതലാണെന്ന മനോരമയുടെ പ്രചാരണം പച്ചക്കള്ളം. വസ്തുതകൾ മറച്ചുവച്ച് കോയമ്പത്തൂർ കോർപറേഷനിലെ ഫീസുമായാണ് മനോരമ കേരളത്തെ താരതമ്യം ചെയ്തത്. 130 ചതുരശ്ര മീറ്ററുള്ള കെട്ടിടത്തിന് കേരളത്തിലെ ഒരു കോർപറേഷനിൽ നിലവിൽ അടയ്ക്കേണ്ടിവരുന്നത് 13,000 രൂപയാണ്. അപേക്ഷാ ഫീസ് കൂടി ചേർത്താൽ 14,000 രൂപ. കോയമ്പത്തൂർ കോർപറേഷനിൽ ഇത് 50,722 രൂപയാണ്. ഇതിൽ കെട്ടിടനിർമാണ സെസ് ഒഴിവാക്കിയാൽപ്പോലും 38,022 രൂപ ഫീസുണ്ട്. ഡെബ്രിസ് ഫീസും ഡ്രെയ്നേജ് ഫീസും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് മനോരമയുടെ കണ്ടെത്തൽ. കേരളത്തിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഡ്രെയ്നേജ് സംവിധാനമുണ്ട്. കണക്ഷന് കോർപറേഷനുകളിൽ പ്രത്യേക ഫീസ് അടയ്ക്കേണ്ടതില്ല, ഈ കണക്ഷൻ നിർബന്ധവുമല്ല. ആ രണ്ട് ഫീസും കുറച്ചാൽപ്പോലും കോയമ്പത്തൂരിലെ ഫീസ് 23,322 ആണ്. കേരളത്തിലെ ഫീസിനേക്കാൾ 9322 രൂപ അധികമാണ്. രാജ്യത്തെ പ്രധാന നഗരങ്ങളിലെല്ലാം കോയമ്പത്തൂരിന് സമാനമായതോ അതിൽ കൂടുതലോ ആണ് ഫീസ് ഈടാക്കുന്നത്. ബംഗളൂരു, മുംബൈ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിൽ കോയമ്പത്തൂരിലേതിനേക്കാൾ ഫീസ് കൂടുതലാണ്.

---

### ദുരിതാശ്വാസനിധി കേസ്

# ശശികുമാറിന് സ്വന്തം കേസിൽ ലോകായുക്ത ശരി

**സുജിത് ബേബി**

**തിരുവനന്തപുരം**

ദുരിതാശ്വാസനിധി കേസിൽ ഹർജിക്കാരൻ ആർ എസ് ശശികുമാർ ലോകായുക്തക്കെതിരെ ആരോപണമുന്നയിച്ചത് സ്വന്തം അഴിമതിക്കേസിലെ നടപടിക്രമം മറന്നെന്ന് രേഖകൾ. ശശികുമാറിനെതിരെ കൈക്കൂലി ആരോപണമുണ്ടായപ്പോഴും ലോകായുക്ത സമാന നടപടിക്രമങ്ങൾ സ്വീകരിച്ചെന്നും അനുകൂലവിധി നൽകിയെന്നും രേഖകൾ വ്യക്തമാക്കുന്നു.

ദുരിതാശ്വാസനിധി കേസ് ലോകായുക്ത പരിഗണിക്കാമോ എന്നതിൽ ഭിന്നാഭിപ്രായത്തെ തുടർന്ന് ഹർജി മൂന്നംഗ ബെഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടപ്പോൾ ശശികുമാർ ദുരാരോപണങ്ങളുമായി രംഗത്തെത്തിയിരുന്നു. പരിഗണിക്കാമെന്നും അന്വേഷണം വേണ്ടതാണെന്നും ലോകായുക്ത ഒരിക്കൽ പറഞ്ഞെന്നും മാറ്റം വരുത്തേണ്ട സാഹചര്യം ഇല്ലെന്നുമായിരുന്നു വാദം.

ഇതംഗീകരിച്ചാൽ ശശികുമാർ മുൻകാല പ്രാബല്യത്തോടെ ലോകായുക്ത കേസിൽ പ്രതിയാകും. കോൺഗ്രസ് പ്രതിനിധിയായി കേരള സർവകലാശാല സെനറ്റ് അംഗമായിരുന്നപ്പോഴാണ് അഴിമതിയാരോപണം നേരിട്ടത്. സർവകലാശാല കംപ്യൂട്ടർ സെന്ററിൽ പ്രോഗ്രാമർ നിയമനത്തിനുള്ള അഭിമുഖത്തിൽ മാർക്ക് കൂട്ടി നൽകാൻ പത്തു ലക്ഷം രൂപ ശശികുമാർ ആവശ്യപ്പെട്ടുവെന്നാണ് തിരുവനന്തപുരം ബാലരാമപുരം സ്വദേശിനി 2014ൽ ലോകായുക്തയിൽ നൽകിയ പരാതി. പണം നൽകാത്തതിനാൽ മാർക്ക് കുറച്ചിട്ടെന്നും പരാതിയുണ്ടായിരുന്നു.

ജസ്റ്റിസ് കെ കെ ദിനേശൻ അധ്യക്ഷനായ ലോകായുക്ത ബെഞ്ച് കേസ് നിലനിൽക്കുമെന്ന് ചൂണ്ടിക്കാട്ടി ഹർജി ഫയലിൽ സ്വീകരിച്ചു. കേസ് ലോകായുക്തയുടെ അധികാരപരിധിയിൽ വരില്ലെന്ന് ശശികുമാർ വാദിച്ചു. ലോകായുക്ത നിയമത്തിന്റെ 8 (1) വകുപ്പനുസരിച്ച് കേസ് തങ്ങളുടെ പരിധിയിൽ വരില്ലെന്ന് ചൂണ്ടിക്കാട്ടി ഉപലോകായുക്ത ജസ്റ്റിസ് കെ പി ബാലചന്ദ്രൻ ഹർജി തള്ളി.

അതേസമയം, ഈ കേസ് നിലനിൽക്കുന്നതായിരുന്നുവെന്ന് നിയമവിദഗ്ധർ പറയുന്നു.

ശശികുമാറിനെതിരായ കേസിലെ നടപടിക്രമങ്ങൾ പിന്തുടർന്നാണ് ദുരിതാശ്വാനിധി കേസ് മൂന്നംഗ ബെഞ്ചിന് കൈമാറിയിരിക്കുന്നത്. ആദ്യം പരിഗണിച്ച കേസിന്റെ നിലനിൽപ്പ് പിന്നീട് പരിശോധിക്കേണ്ടതില്ലെന്ന ശശികുമാറിന്റെ നിലപാട് സ്വന്തം കേസിൽ സ്വീകരിച്ചതിന് കടകവിരുദ്ധമാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.

- കേരള സർവകലാശാല സെനറ്റിലെ കോൺഗ്രസ് പ്രതിനിധിയായിരുന്നപ്പോഴാണ് അഴിമതിയാരോപണം നേരിട്ടത്